ശ്രീ. എൻ. സുന്ദരൻ നാടാർ : ഇതിന് പല ചർച്ചകളും നടന്നു വരികയാണ്.

ശ്രീ. കെ. കെ. തോമസ് : കേരള കാർഷിക ഭൂവികസന ബാങ്ക് ഏതെല്ലാം കാർഷിക നാണ്യവിളകൾക്കാണ് നബാർഡിന്റെ വായ്പാ സഹായം നൽകുന്നത് ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നെല്ല്, ഇഞ്ചി, ചേന, പച്ചക്കറി, കപ്പ, വാഴ, നേന്ത്രവാഴ, ഏലം, കാപ്പി തുടങ്ങിയ ഹ്രസ്വകാല വിളകൾക്ക് എസ്. ടി. വായ്പയും കവുങ്ങ്, കുരുമുളക്, തെങ്ങ്, കശുവണ്ടി, കൊക്കോ തുടങ്ങിയ വിളകൾക്ക് ഇപ്പോഴത്തെ പദ്ധതി അടിസ്ഥാനത്തിലും നബാർഡിന്റെ പുനർധന സഹായമനുസരിച്ച് സഹായം ലഭിച്ചുവരുന്നു.

ശ്രീ. കെ. കെ. തോമസ് : ഏലം ബോർഡ് ഏലക്കൃഷിക്കാർക്ക് നൽകി വരുന്ന വായ്പ നബാർഡിന്റെയാണോ അതോ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ഫണ്ടിൽ നിന്നാണോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : നബാർഡിൽ നിന്നുമാണ്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : നബാർഡ് കൊടുക്കുന്ന വായ്പാ പദ്ധതികൾ കൃഷിക്കാർക്ക് വളരെ പരിമിതമായിട്ടാണ് കൊടുക്കുന്നത്. ഈ രാജ്യത്തെ കാർഷികവിള വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ തോതിൽ കൂടുതൽ വായ്പാ പദ്ധതികൾ നടപ്പാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പരിമിതമാണെന്നുള്ളത് മനസ്സിലായതുകൊണ്ട് അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ഗ്രന്ഥശാലകൾക്ക് സൗജന്യനിരക്കിൽ നൽകിയിരുന്ന വൈദ്യുതി

* 216. [238] ശ്രീ. എ- സി. ജോസ് :
,, ബെന്നി ബഹനാൻ :
,, സീദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, എം. എം. ഹസ്സൻ :
,, ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് സൗജന്യനിരക്കിൽ വൈദ്യുതി നൽകിയിരുന്നത് നിർത്തൽ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് പുനഃസ്ഥാപിക്കുന്നതിനും ഏറ്റവും താഴ്ന്ന സ്ലാബിൽ ഗ്രന്ഥശാലകൾക്കു വൈദ്യുതി നൽകുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യുതി ലഭിച്ചിട്ടില്ലാത്ത ഗ്രന്ഥശാലകൾക്ക് വൈദ്യുതി ലഭിക്കുന്നതിനുള്ള ഇപ്പോഴത്തെ വൈഷമ്യം തരണം ചെയ്യുന്നതിനായി പ്രയോഗരീതി സമ്പ്രദായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണ പിള്ള) :

(എ) സൗജന്യ നിരക്കിൽ വൈദ്യുതി നല്കിയിരുന്നില്ല. എന്നാൽ മിനിമം ചാർജ് 1972-80 കാലയളവിൽ 6 രൂപയിൽ നിന്നും 4 രൂപയായി കുറച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഒരു വിഭാഗത്തിനു മാത്രമായി മിനിമം ചാർജിൽ വ്യത്യാസം വരുത്തുന്നത് ശരിയായിരിക്കുകയില്ല. യഥാർത്ഥ വൈദ്യുതി ഉപയോഗത്തെ ആസ്പദമാക്കി മാത്രമാണ് പ്രൊവിഷണൽ കാർഡ് തുക നിശ്ചയിക്കുന്നത്. സ്ലാബ് കാർഡ് സമ്പ്രദായം ഗാർഹിക ഉപഭോക്താക്കൾക്കു മാത്രമേ നിലവിലുള്ളു.

(സി) എല്ലാ അപേക്ഷകർക്കും ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പു തന്നെ വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്

ശ്രീ. എ. സി. ജോസ് : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഒരു വിഭാഗത്തിനുവേണ്ടി മാത്രമായി ഇളവു ചെയ്തു കൊടുക്കുന്നതു ശരിയല്ലെന്നു പറയുകയുണ്ടായി. ലൈബ്രറികളും എന്നു പറയുന്നതു അങ്ങനെ ഒരു വിഭാഗമാക്കി മാറ്റാതെ, കേരളത്തിലെ വളരെയേറെ വികസിച്ചിട്ടുള്ള ഒന്നായതുകൊണ്ട് ലൈബ്രറികളുടെ കാര്യത്തിൽ ഒരു പ്രത്യേക പരിഗണന നല്കി അവയെ മിനിമം ചാർജിന്റെ കീഴിലെടുക്കാൻ തയ്യാറാകുമോ ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : സർ, ഈ ലൈബ്രറികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും എന്നുള്ള പട്ടികയിൽപ്പെടുത്തിയാണ് താരിഫ് എർപ്പെടുത്തിയിരിക്കുന്നത്. സ്കൂളുകളും, കോളേജുകളും, ഗ്രന്ഥശാലകളും ഇതൊക്കെ ഒരു കാറ്റഗറിയിലുള്ളതാണ്. ഇതെല്ലാംകൂടി ഒരുമിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള കാറ്റഗറിയിൽ നില്ക്കുന്നതുകൊണ്ട് ഇതിനു മാത്രമായിട്ട് എന്തെങ്കിലും ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. എ. സി. ജോസ് : സർ, ലൈബ്രറികളിൽ നിന്ന് കൊടുത്തിട്ടുള്ള അപേക്ഷകളെ പരിഗണിച്ച് കോൺട്രിബ്യൂഷനിൽ നിന്ന് അവയെ ഒഴിവാക്കാമോ ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : സർ, കോൺട്രിബ്യൂഷനില്ല. ഞാപേക്ഷിച്ചിരിക്കുന്നവർക്കൊക്കെ നമ്മൾ കണക്ഷൻ കൊടുക്കാൻ പോവുകയാണ്. പിന്നെ കോൺട്രിബ്യൂഷന്റെ പ്രശ്നം എങ്ങനെയാണ് വരുന്നത്.

ശ്രീ. ബെന്നി ബഹനാൻ : സർ, ഈ ലൈബ്രറി കണക്ഷനെ മിനിമം ഗ്യാരൻറി വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കാൻ ശ്രമിക്കുമോ ?

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : സർ, മിനിമം ഗ്യാരൻറി വ്യവസ്ഥ. ഹരിജനങ്ങളെ മാത്രമാണ് ഒഴിവാക്കിയിട്ടുള്ളത്. അത് ഇൻഡ്യാ ഗവൺമെൻറിനേറയും സംസ്ഥാന ഗവൺമെൻറിനേറയും പോളിസിയാണ്. മിനിമം ഗ്യാരൻറി എല്ലാവർക്കും ബാധകമാണ്. അതായത് കണക്ഷൻ എടുത്താൽ അതിന്റെ മിനിമം കൊടുത്തുകൊള്ളാമെന്ന് വ്യവസ്ഥ ചെയ്തില്ലെങ്കിൽ 18 ശതമാനം പലിശ കൊടുക്കേണ്ടിവരുന്ന വൈദ്യുതി ബോർഡിനു യാതൊരു കാരണവശാലും പ്രവർത്തിക്കാൻ കഴിയുകയില്ല, ഒരു കമ്മേഴ്സ്യൽ ഡിപ്പാർട്ടുമെൻറ് എന്നുള്ള നിലയിൽ.

ശ്രീ. എം. എം. ഹസ്സൻ : സർ, സാംസ്ക്കാരിക കേരളത്തിന്റെ രോമാഞ്ചമായ ശ്രീ. ആർ. ബാലകൃഷ്ണ വിള്ള വിദ്യുച്ഛക്തി വകുപ്പു മന്ത്രിയായിരുന്ന കാലത്ത് നമ്മുടെ സാംസ്ക്കാരിക പ്രസ്ഥാനത്തിലെ മഹത്തായ സ്ഥാനം വഹിക്കുന്ന ഗ്രന്ഥശാലകൾക്ക് സൗജന്യമായി വിദ്യുച്ഛക്തി നല്കി മുഴുവൻ അപേക്ഷകളും അനുവദിച്ചുകൊടുക്കാനുള്ള മഹാമനസ്കത കാണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ബാലകൃഷ്ണ പിള്ള : അപേക്ഷകളൊക്കെ അനുവദിച്ചു കൊടുക്കാം. പക്ഷേ സാംസ്ക്കാരിക കേരളത്തിന്റെ രോമാഞ്ചം വിദ്യുച്ഛക്തി ബോർഡ് നശിപ്പിക്കുന്നത് രാജ്യതാല്പര്യത്തിന് അനുഗുണമല്ലാത്തതുകൊണ്ട് അത് ചെയ്യാൻ നിവൃത്തിയില്ല.

സൗജന്യ റേഷൻ ലഭിക്കാത്തവർ

* 217. [239] ശ്രീ. കെ. ഇ ഇസ്മയിൽ :

,, പി. കുമാരൻ :

,, കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർഹതയുണ്ടായിരുന്നിട്ടും ഓണക്കാലത്ത് റേഷൻ കിട്ടാതെ പോയവരുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ ;

(ബി) സൗജന്യ റേഷൻ ലഭിക്കാതിരുന്നവർക്ക് അത് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) അർഹതയുള്ള എല്ലാ റേഷൻ കാർഡുടമകൾക്കും സൗജന്യ റേഷൻ നല്കിയിട്ടുണ്ട്.

(ബി) ആൻറ് (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഈ കഴിഞ്ഞ വെള്ളപ്പൊക്ക കാലഘട്ടങ്ങളിൽ സൗജന്യ റേഷൻ കൊടുക്കണമെന്ന് ആവശ്യപ്പെട്ട് കൊടുപ്പിച്ചതിനെ തുടർന്ന് അതിന്റെ പണം കിട്ടിയിട്ടില്ലെന്നുള്ളതുകൊണ്ട്. ഈ പ്രാവശ്യം ഓണത്തിന് സൗജന്യ റേഷൻ കൊടുക്കാൻ തയ്യാറല്ലെന്ന നിലയിൽ റേഷൻ കടക്കാർ കൊടുക്കാതിരുന്ന നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന് ആവശ്യമായ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സർ, റേഷൻ കടക്കാരൊന്നും അങ്ങനെ റേഷൻ കൊടുക്കാതെയിരുന്നിട്ടില്ല.

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, ഞങ്ങൾക്ക് റേഷൻ കിട്ടിയിട്ടില്ലെന്നു പറഞ്ഞുകൊണ്ട് കളക്ടർക്കും മന്ത്രിക്കും നിരവധി പരാതികൾ സമർപ്പിച്ചിട്ടുണ്ട്. ആ പരാതി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : സർ, വളരെ ചുരുങ്ങിയ പരാതികളേ അത്തരത്തിൽ ലഭിച്ചിട്ടുള്ളൂ. ആ പരാതികൾ പരിശോധിക്കാൻ അയച്ചിട്ടുണ്ട്. അർഹരായ എല്ലാവർക്കും നല്കിയിട്ടുണ്ട്.

ശ്രീ. പി. കുമാരൻ : സർ, ഏത് വരുമാനത്തിന്റെ കണക്കിലാണ് ഈ സൗജന്യ റേഷൻ കൊടുത്തിട്ടുള്ളത് ; റേഷൻകാർഡിലെ വരുമാനം എത്ര രൂപയിൽ താഴെയുള്ളവർക്കാണ് ഈ സൗജന്യ റേഷൻ കൊടുത്തിട്ടുള്ളത് ?

ശ്രീ. യു. എ. ബീരാൻ : സർ, പ്രതിവർഷം 4,500 രൂപയിൽ താഴെ വരുമാനമുള്ള ദുർബല ജനവിഭാഗങ്ങൾക്കാണ് നല്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly